Broadway; and if not, will they be pleased to consider the suitability of the old Central Jail premises for itslocation?

Mr. V. K. Aravindaksha Menon.—The question of selecting a suitable site for the new Town Hall is under consideration. The suitability of the site mentioned in the question will also be considered before the selection is made.

Appointments of Depressed Classes in Education Department

110. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈൽ.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിനു മറുപടി പറയുവാൻ ഭയവുണ്ടാകുമോ;—

(എ) വിദ്യാഭ്യാസവകുപ്പിൽ അധഃകൃത്തർക്കു ഉദ്യോഗങ്ങൾ കൊടുക്കുവാൻ ഗവൺമെണ്ടിനു ഭയവുണ്ടാകുമോ;

(ബി) വലിയ വലിയ ഉദ്യോഗങ്ങൾക്കു അധഃകൃതർക്കു വിദ്യാഭ്യാസക്കുറവിനാൽ അർഹതയില്ലെങ്കിൽ ചെറിയചെറിയ ഉദ്യോഗങ്ങൾക്കു വിദ്യാഭ്യാസത്തിന്റെ സ്ഥിതി അനുസരിച്ചു ഉദ്യോഗം കൊടുക്കുവാൻ ഗവൺമെണ്ടിനു ഭയവുണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—

(എ) ഉവ്വ്; കൊടുത്തുവരുന്നുമുണ്ടു്.

(ബി) ഉവ്വ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— സർ, ഫ്രഫ്രയിൽ എത്ര അധഃകൃതർക്കു ഉദ്യോഗം കൊടുത്തിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— നോട്ടീസുകൂടാതെ ഫ്രഫ്രയിൽ എത്ര കൊടുത്തിട്ടുണ്ടെന്നു പറയാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— അതെങ്കിലും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അധഃകൃതർക്കു യോഗ്യതകൊണ്ടു കിട്ടുവാനവകാശമുള്ള എത്ര ഉദ്യോഗങ്ങൾക്കുപ്പോൾ അധഃകൃതരുടെ അപേക്ഷകളുണ്ടു്?

മിസ്റ്റർ ഐ. എൻ. മേനോൻ.— അതു് നോട്ടീസുകൂടാതെ പറയുവാൻ ബുദ്ധിമുട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഫ്രഫ്രയിൽ ഉണ്ടായ അപേക്ഷകന്മാർക്കു എല്ലാവർക്കും ഉദ്യോഗം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— അതു നോട്ടീസു കൂടാതെ പറയാൻ സാധിക്കുകയില്ലെന്നു പറഞ്ഞില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.— കൊടുക്കാത്ത ആളുകൾ ഉണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— ഉണ്ടായേക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— അദ്ധ്യാപകന്മാർക്കു ഉണ്ടായിരിക്കേണ്ട മിനിമം ക്വാളിഫിക്കേഷനുംകൂടി ഇല്ലാത്ത ചില പുലയർക്കു ജോലി കൊടുത്തിട്ടുണ്ടെന്നു പറയാൻ സാധിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— ഉണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— അധികൃതരിൽനിന്നു അപേക്ഷകന്മാർ വരുമ്പോൾ മുൻഗണന കൊടുക്കാമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— കൊടുക്കുവാൻ ഗവർമ്മെൻറു സമ്മതിച്ചിട്ടുണ്ട്; അതിനു എപ്പോഴും തയാറാണ്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— വിദ്യാഭ്യാസ വകുപ്പിൽ എത്ര അധികൃതർക്കു ജോലി കൊടുത്തിട്ടുണ്ട്?

മിസ്റ്റർ ഐ. എൻ. മേനോൻ.— എത്ര ആളുകൾക്കു കൊടുത്തിട്ടുണ്ടെന്നു ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— അധികൃതർക്കു സ്കൂളിൽ മാസപ്പടിയായി ഉദ്യോഗം കൊടുക്കാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— ഒരാൾ മാസപ്പടിയായി ഉദ്യോഗത്തിൽ പ്രവേശിച്ചാൽ അയാൾക്കു പ്രാപ്തിയുള്ള കാലംവരെയും ജോലി എടുക്കാം. അതുകൊണ്ടു മറ്റുള്ള ഉദ്യോഗങ്ങളെപ്പോലെ മാസപ്പടി ഉദ്യോഗങ്ങളിൽ കൂടക്കൂടെ ഒഴിവുണ്ടാകയില്ല. വന്നാൽ കൊടുക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ അധികൃത ശിപായിമാരെ സെക്യൂരിട്ടിയിൽനിന്നു ഒഴിവാക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ശിപായിമാക്കല്ലാ മാസപ്പടിമാക്കാണ് സെക്യൂരിട്ടിയുള്ളത്. അതു വേണ്ടെന്നു വച്ചാൽ ഉദ്യോഗങ്ങൾ കൊടുക്കുകയെന്നതു വയ്യെന്നുവരും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.—പേഷ്കാർ സെക്യൂരിട്ടിയിന്മേൽ ആജ്ഞ കൊടുത്തിട്ട് അവരുടെ ശമ്പളത്തിൽനിന്നു വസൂലാക്കുവാൻ പാടില്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.— അങ്ങിനെചെയ്യാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— സാധാരണയായി പ്യൂണിന്റെ പണിക്കു എന്തു സെക്യൂരിട്ടി ഗവർമ്മെൻറിലേക്കു കൊടുക്കണം?

മിസ്റ്റർ ഐ. എൻ. മേനോൻ.— പ്രൈമറി സ്കൂളുകളിലാണെങ്കിൽ ൧൦ രൂപാ, ഹൈസ്കൂളുകളിലാണെങ്കിൽ ൧൦൦ രൂപാ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം.— അതെ. ഈ കൊച്ചീ രാജ്യത്ത് ഒറ്റ രൂപക്ക സ്വത്തുള്ള അധഃകൃതരാരുമില്ല. അതുകൊണ്ട അവരെ ഇതിൽനിന്ന മേലിൽ ഒഴിവാക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— അങ്ങ ഒരു ക്ലിപ്തമായ മറുപടി പറയാൻ സാധിക്കുകയില്ല. രണ്ടായിരം രൂപ്പിക്ക പ്രതിമാസം ടെഷറിയിൽനിന്നകൊണ്ടുവരുന്നുണ്ട്. അതുകൊണ്ട് ഇതു നല്ലപോലെ ആലോചിച്ചു ചെയ്യേണ്ടതാണ്. മറേറതെല്ലാം ആനുകൂല്യങ്ങൾ ചെയ്യുവാൻ ഗവർമ്മേൻറ തയാറുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— അങ്ങേക്ക ഈഴവപ്രതിനിധി ചോദിച്ചപോലെ ശമ്പളത്തിൽനിന്ന കുറെ എടുത്ത ഈ സംഖ്യ വസൂലാക്കിയാൽ മതിയാകുമോ? അതു പരിഗണിച്ച ചെയ്യാമെന്ന ഗവർമ്മേൻറിന പറയാൻ സാധിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— ആലോചിച്ചു പറയാം.

മിസ്റ്റർ കെ. അയ്യപ്പൻ.— രണ്ടായിരം രൂപാ വാങ്ങിക്കൊണ്ടുവരുന്ന ആളോട ഒറ്റ രൂപാ മേടിക്കാതിരിക്കുവാനെന്താണ് വിരോധം?

മിസ്റ്റർ ഐ. എൻ. മേനോൻ.— ഇതുദ്യോഗം അവരുടെ ശാശ്വതമായ ഒരു സ്വത്താണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ദയവായി ആലോചിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— വളരെ ദയവായി ആലോചിക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— സെറ്റിട്ടി കെട്ടുവാൻ വകയില്ലാതെ ഉദ്യോഗങ്ങൾ വേണ്ടെന്നവച്ചതായി അറിയാമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.— ഇല്ല

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ഉണ്ട്; എനിക്കറിയാം. അഴീക്കോട്ട സ്കൂളിലുണ്ട്.

Construction of Pazhanji High School building.

111. **Mr. T. C. Iyyukutti.**—Will the Government be pleased to state.—

(a) why the Diwan's order D. Di 958/1110, dated 26th October 1934, sanctioning for the construction of the Pazhanji High School building during the year 1111 was not brought into effect;

(b) whether the Government can take up this question again this year itself;

LIBRARY ARCHIVES Kerala Legislative Assembly